പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 461 12.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സിയിൽ പഞ്ചിംഗ് സംവിധാനം

ചോദ്യം

ശ്രീ. പി. ബി. അബ്ദുൾ റസാക്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഭവൻ ഉൾപ്പെടെയുള്ള ഡിപ്പോ ഓഫീസുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് ലൈൻ ഡ്യൂട്ടി ജീവനക്കാരുടേതുപോലെ ജോലിയിൽ കൃത്യത ഉറപ്പുവരുത്തുന്നതിന് മുൻകാലങ്ങളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നോ; | (എ) | കെ.എസ്.ആർ.ടി.സി യുടെ മുഖ്യകാര്യാലയത്തിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഇതു കൂടാതെ കെ.എസ്.ആർ.ടി.സി യുടെ തിരുവനന്തപുരം സെൻട്രൽ വർക്സ്, മാവേലിക്കര, എടപ്പാൾ, ആലുവ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ റീജിയണൽ വർക്ക്ഷോപ്പുകൾ എന്നിവയിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഹാജർ നിലവിൽ രേഖപ്പെടുത്തുന്നത് പഞ്ചിംഗ് സംവിധാനത്തിലാണ്. |
| (ബി) | എങ്കിൽ ഇത് നടപ്പിലാക്കിയത് കെ.എസ്.ആർ.ടി.സി നേരിട്ടാണോ അല്ലെങ്കിൽ ഏത് സംവിധാനത്തി ലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനം ഇപ്പോഴും പ്രവർത്തന ക്ഷമമാണോ; | (ബി) | കെ.എസ്.ആർ.ടി.സി യുടെ നിയന്ത്രണത്തിൽ ദിവ്യ ഇലക്ട്രോടെക്നിക് എന്ന സ്ഥാപനമാണ് പഞ്ചിംഗ് സംവിധാനം മുഖ്യകാര്യാലയത്തിൽ നടപ്പിലാക്കിയത്. എന്നാൽ ഈ സംവിധാനം ഇപ്പോൾ പ്രവർത്തനക്ഷമമല്ല. |
| (സി) | കെ.എസ്.ആർ.ടി.സി യുടെ ഓഫീസുകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവിടെയെത്തുന്നവർക്ക് കൃത്യവും സൈ്വരവുമായ സേവനം ലഭ്യമാക്കുന്നതി ലേയ്ക്കായി സെക്രട്ടേറിയറ്റ് മാതൃകയിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും പ്രവർത്തനം നിരീക്ഷിക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിഗണിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ